File No.SCL/429/2021-A4

നം. എ 4/429/2021/എസ്.സി.എൽ

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം
തീയതി : 24/05/2022

# നോട്ടീസ്

വിഷയം : സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം – 2022 ജൂൺ മാസം 8 മുതൽ ലൈബ്രറി കുടിശ്ശികയുള്ള അംഗങ്ങൾക്കായി **'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'** നടത്തുന്നത് – സംബന്ധിച്ച്

സൂചന :

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ **2022 ജൂൺ മാസം 8 മുതൽ** ലൈബ്രറി കുടിശ്ശികയുള്ള അംഗങ്ങൾക്കായി **'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി'** നടത്തുന്നു. ഇതു വഴി റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സുവർണാവസരമാണ് അംഗങ്ങൾക്ക് ലഭ്യമാകുന്നത്.

'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രകാരം ലൈബ്രറി അംഗങ്ങൾക്ക് കൈവശമുള്ള സമയപരിധി കഴിഞ്ഞ പുസ്തകങ്ങളും ആനുകാലികങ്ങളും തിരികെ ഏല്പിച്ച് പിഴസംഖ്യയിനത്തിൽ ഇളവുകൾ നേടാവുന്നതാണ്. **പിഴസംഖ്യ ഇനത്തിൽ ചാർജ് ചെയ്തിട്ടുള്ള തുകയിൽ പുസ്തകത്തിന് 80% ഉം ആനുകാലികത്തിന് 90% ഉം ഇളവ് നൽകുന്നതാണ്.** നഷ്ടപ്പെട്ട പുസ്തകത്തിനു പകരം പുതിയ പുസ്തകം വാങ്ങി നൽകുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ വിപണിയിൽ ലഭ്യമല്ലാത്ത പുസ്തകത്തിനു സ്റ്റേറ്റ് ലൈബ്രേറിയൻ നിശ്ചയിക്കുന്ന നഷ്ടപരിഹാര വില ഒടുക്കേണ്ടതാണ്. **08/06/2022 മുതൽ 07/08/2022 വരെ (പൊതു അവധി ദിവസങ്ങളിൽ ഒഴികെ) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ** അംഗങ്ങൾക്ക് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നേരിട്ടെത്തി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി ലൈബ്രറി കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. ലൈബ്രറി കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

Signature valid
Digitally signed by SOBHANA P K
Date: 2022.05.24 11:38:21 IST
Reason: Approved

STATE LIBRARIAN